(ബി) ഉണ്ട്. വൈദ്യുതി ബോർഡിന്റെ 3-3-2014-ലെ No. 568/2014 (CP/Plg. I/Brahmapuram) നമ്പർ ഓർഡർ പ്രകാരം ആദ്യഘട്ടമായി ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിലുള്ള കേടായ രണ്ട് ജനറേറ്ററുകൾ മാറ്റി പ്രകൃതി വാതക ഇന്ധനം ഉപയോഗിച്ച് ഏകദേശം 36-42 MW സ്ഥാപിത ശേഷിയുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശം 144.8 കോടി രൂപ ചെലവാക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ ബ്രഹ്മപുരം ഡീസൽ നിലയത്തിൽ നിന്ന് പ്രകൃതിവാതകം ഉപയോഗിച്ച് 36-42 MW വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് കളമശ്ശേരിയിലുള്ള ചീഫ് എഞ്ചിനിയർ (തെർമൽ പ്രോജക്ടസ്)-ന്റെ കാര്യാലയത്തിൽ നിന്നും ടെണ്ടർ വിളിക്കുകയും ലഭിച്ച ടെണ്ടറുകളുടെ സൂക്ഷ്മ പരിശോധന നടന്നു വരികയുമാണ്.

സൗജന്യ വൈദ്യുതി പോസ്റ്റുകൾ

18 (4009) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് വൈദ്യുതി പോസ്റ്റുകൾ സൗജന്യമായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) സൗജന്യം ലഭിക്കാത്ത ഉപഭോക്താക്കൾ, പോസ്റ്റ് ഒന്നിന് നൽകേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ വ്യവസ്ഥ പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കി മാത്രമേ പോസ്റ്റ് സ്ഥാപിച്ച് നല്കുന്നതുൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ നല്കുവാൻ കഴിയുകയുള്ളൂ.

(ബി) 7 മീറ്റർ പോസ്റ്റിന് 1741 രൂപ

8 മീറ്റർ പോസ്റ്റിന് 2141 രൂപ

9 മീറ്റർ പോസ്റ്റിന് 3353 രൂപ

ഇടുക്കി മണ്ഡലത്തിലെ മുരിക്കാശ്ശേരി കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ

19 (4010) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി നിയോജക മണ്ഡലത്തിലെ മുരിക്കാശ്ശേരി കെ.എസ്.ഇ.ബി. സബ് സ്റ്റേഷന്റെ അഭിവൃദ്ധിക്കായി നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly